# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6689 9-11-2016 -ൽ മറുപടിക്ക്**

## ഊർജ്ജ സൗഹൃദ് പദ്ധതി

| | ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ജി.എസ്.ജയലാൽ :<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :<br>ശ്രീ. കെ. രാജൻ : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ. എസ്. ഇ. ബി. 'ഊർജ്ജ സൗഹൃദ്'എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് പദ്ധതി നടപ്പാക്കുന്ന തെന്ന് അറിയിക്കുമോ; | (എ) | നടപ്പാക്കുന്നുണ്ട്. 2016 സെപ്റ്റംബർ മുതൽ ഈ പദ്ധതി നടപ്പാക്കിവരുന്നു. |
| (ബി) | ഊർജ്ജ സൗഹൃദ്' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കേന്ദ്രീകൃത ബില്ലിംഗ് –സെർവ്വർ കമ്പ്യൂട്ടർ സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ - ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഉപഭോക്താക്കളെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ എസ്.എം.എസ്സായി മൊബൈൽ ഫോൺ വഴിയും, ഇ-മെയിലായും അറിയിക്കുക എന്നതാണ് 'ഊർജ്ജ സൌഹൃദ' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ? | (സി) | കെ.എസ്.ഇ.ബി-യുടെ വെബ്സൈറ്റ് www.kseb.in വഴി ഉപഭോക്താവിന് ഊർജ്ജ സൗഹൃദ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. വെബ്സൈറ്റിലെ സ്ക്രോൾ ചെയ്യുന്ന മെസ്സേജിൽ നിന്നും ക്ലിക്ക് ചെയ്തു കൊണ്ട് താഴെ പറയുന്ന വിവരങ്ങൾ നൽകി ഊർജ്ജ സൗഹൃദ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | • ഉപഭോക്താവിന്റെ കൺസ്യൂമർ നമ്പർ<br>• ഉപഭോക്താവിന്റെ അവസാനത്തെ ബിൽ നമ്പർ<br>• എസ്.എം.എസ്സ് ലഭിക്കേണ്ട മൊബൈൽ ഫോൺ നമ്പർ<br>• ഇ-മെയിൽ ഐഡി<br>പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ വേണ്ടി ഉപഭോക്താവിന് നേരിട്ട് സെക്ഷൻ ഓഫീസറെ സമീപിക്കാവുന്നതുമാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**